എ.എം.എം.ഹയർസെക്കണ്ടറി സ്കൂൾ

ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾക്കുള്ള ഏകദിന പരിശീലന ക്യാമ്പിന്റെ റിപ്പോർട്ട്

പൊതുവിദ്യാഭ്യാസംരക്ഷണയജ്ഞത്തിന്റെ ഭാഗമായി തുല്യതയും ഗുണനിലവാരവും ഉറപ്പാക്കിയുള്ള വിദ്യാഭ്യാസം എല്ലാ വിദ്യാർഥികളിലേക്കു എത്തിക്കുവാനുള്ള പ്രവർത്തനങ്ങൾ കേരളത്തിൽ നടന്നു വരികയാണ്.

ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ പ്രഥമ കൂടിച്ചേരൽ എന്ന നിലയിൽ ഈ ഏകദിന പരിശീലനം ഏറെ പ്രാധാന്യം അർഹിക്കുന്നു.പുതിയ അധ്യേയന വർഷം ലിറ്റിൽ കൈറ്റ്സ് നടത്തുന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലേക്ക് വെളിച്ചം വീശുക എന്നതാണ് ഈ എകദിന പരിശീലനംകൊണ്ട് പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത്.

2019-21 ബാച്ചിന്റെ എ.എം.എം.ഹയർസെക്കണ്ടറി ലിറ്റിൽ കൈറ്റ്സ് ഏകദിന ക്യാമ്പ് ഈശ്വര പ്രാർത്ഥനയോടെ ആരംഭിച്ചു.സ്കൂൾ എച്ച്.എം ശ്രീമതി അന്നമ്മ നൈനാൻ ഉദ്ഘാടനം ചെയ്തു.ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ ജെബി തോമസ് **മിസ്ട്രസ്** ആശാ പി മാത്യു എന്നിവർ സന്നിഹിതരായിരുന്നു.പത്തനംതിട്ട കൈറ്റ് (ആറന്മുള സബ് ജില്ല) മാസ്റ്റർ ട്രെയിനറായ ബൈജു സാർ ക്ലാസുകൾക്കു നേതൃത്വം നൽകി.

ക്ലാസുകൾ

10:00 മുതൽ 11:15 വരെ കോഴ്സ് ബ്രീഫിങ്ങ് സെക്ഷനായിരുന്നു.പരിശീലനത്തിനു വിദ്യാർത്ഥികളെ ആറു ഗ്രൂപുകളായി തിരിച്ചു.ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ പ്രവർത്തനങ്ങളും ചുമതലയും എന്തെല്ലാമാണെന്ന് കുട്ടികളെ മനസ്സിലാക്കി.ഒരോ ഗ്രൂപ്പിനും ലഭിച്ച സ്കോറുകൾ കൺസോളിഡേഷൻ ബോർഡിൽ രേഖപ്പെടുത്തി.

11:15 മുതൽ 12:15 വരെ ലിറ്റിൽ കൈറ്റ്സ് ഹൈടെക് സ്കൂൾ പദ്ധതി പരിചയപ്പെടുത്തുന്നതിനു വേണ്ടി ഗെയ്മ് നടന്നു.ഒരു ഗ്രൂപ്പ് ലിറ്റിൽ കൈറ്റ്സ് എന്നതും മറുഗ്രൂപ്പ് ഹൈടെക്ക് എന്ന വിഷയവും തിരഞ്ഞെടുത്തു. ഗെയ്മിന്റെ ആദ്യഘട്ടമായി ഒരോ ഗ്രൂപ്പും അവർക്ക് അറിയാവുന്ന പരമാവധി കാര്യങ്ങൾ തയ്യാറാക്കി.

ലിറ്റിൽ കൈറ്റ്സ്

എ.എം.എം.ഹയർസെക്കണ്ടറി സ്കൂൾ

രണ്ടാംഘട്ടത്തിൽ ഒരു ഗ്രൂപ്പ് എതിർ ഗ്രൂപ്പിന് ലഭിച്ച കാര്യങ്ങൾ ഒരോന്നായി അവതരിപ്പിച്ചു ഇങ്ങനെ ഒരു ഗ്രൂപ്പ് പറഞ്ഞ കാര്യം മറ്റേ ഗ്രൂപ്പ് നിലവിൽ എഴുതിയിട്ടിലെങ്കിൽ പറഞ്ഞ ഗ്രൂപ്പിന് പോയിന്റ് ലഭിക്കുന്നു. എഴുതിയിട്ടുണ്ടെങ്കിൽ എഴുതിയ ഗ്രൂപ്പിന് ഒരു പോയിന്റ് ലഭിക്കുന്നു. ഓരോ ഗ്രൂപ്പിനും ലഭിച്ച സ്കോർ ആർ. പി. ബൈജുസാർ സ്കോർഷീറ്റിൽ പ്രദർശിപ്പിച്ചു.

12:15 മുതൽ 1:15 വരെ സ്ക്രാച്ച് സോഫ്റ്റുവെയർ ഉപയോഗിച്ചുള്ള പ്രോഗ്രാമിങ്ങ് അഭിരുചി വളർത്തുന്നതിനുള്ള സെക്ഷൻ ആയിരുന്നു. ഇത് കുട്ടികളിൽ കൂടുതൽ ഉത്സാഹം ഉളവാക്കുന്നതായിരുന്നു.

1:15 മുതൽ 2:00 വരെകുട്ടികളുടെ ഉച്ചഭക്ഷണത്തിനായി പിരിഞ്ഞു.

2:00 മുതൽ 3:15 വരെ പ്രോജക്ടർ സജീകരണത്തെകുറിച്ച് ബൈജുസാർ കുട്ടികൾക്ക് ക്ലാസ്സുകൾ എടുത്തു. ഇതുമായി ബന്ധപ്പെട്ട് വീഡിയോയും കാണിച്ചു.

3:15 മുതൽ 4:15 വരെ മൊബൈൽ ആപ്പ്ളിക്കേഷൻ,ആനിമേഷൻ എന്നി മേഖലകളിൽ കുട്ടികൾക്ക് താത്പര്യം ഉളവാകുന്ന വീഡിയോകാണിച്ചു. എം.ഐ.റ്റി ആപ് ഇൻവെന്റർ സോഫ്റ്റുവെയർ, മൊബൈൽ ആപ്പ്ളിക്കേഷൻ, ഇലക്ട്രോണിക്സ്,ആനിമേഷൻ,3D ആനിമേഷൻ തുടങ്ങിയ മേഖലകളിൽ ലിറ്റിൽ കൈറ്റ്സ് കുട്ടികൾക്ക് കൂടുതൽ ക്ലാസുകൾ തുടർന്നുള്ള ദിവസങ്ങളിൽ ഉണ്ടാകുമെന്നും സൂചന നൽകി.



4:15 മുതൽ 4:30 വരെ യൂണിറ്റ് തല ആക്റ്റിവിറ്റി പ്ലാൻ പരിചയപ്പെടുത്തി. ഓരോ ഗ്രൂപ്പിനും ലഭിച്ച സ്കോർ പ്രദർശിപ്പിക്കുകയും വിജയികളെ അനുമോദിക്കുകയും ചെയ്തു.

ഓരോ ഗ്രൂപ്പിൽ നിന്നും കുട്ടികൾ ഫീഡ്ബാക്ക് നല്കി. ക്യാമ്പ് കൃത്യം 4:30 അവസാനിച്ചു.

ലിറ്റിൽ കൈറ്റ്സ്